LIBRARY ARCHIVES Kerala Legislative Assembly

ചില്ലറവില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

102 T[3689] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന ചില്ലറ വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ പ്രസ്തുത വില്പന കേന്ദ്രങ്ങൾ അനുവദിക്കാറുണ്ടോ;

(സി) എങ്കിൽ ഈ വില്പന കേന്ദ്രങ്ങൾ കാരണം പ്രസ്തുത താമസക്കാർക്കുണ്ടാകുന്ന പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മദ്യവില്പന കേന്ദ്രം മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ വിദേശമദ്യ ഷാപ്പുകൾ തുടങ്ങണമെന്ന പ്രദേശിക ആവശ്യം, വ്യാജമദ്യം ഇല്ലായ്മ ചെയ്ത് നല്ല മദ്യം ലഭ്യമാക്കുക, seconds-ന്റെ വില്പന തടയുക എന്നിവയാണ് ചില്ലറ വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രധാന മാനദണ്ഡങ്ങൾ.

(ബി) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 7-ലെ ഉപ വകുപ്പ് (2) പ്രകാരമാണ് വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

(സി) തദ്ദേശവാസികളുടെ ന്യായമായ പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

കള്ളുഷാപ്പുകൾ

103 [3690] ശ്രീ. എ. ഡി. മുസ്തഫ:
,, വി. ഡി സതീശൻ:
,, എൻ. ശക്തൻ:
,, വി. ജെ. പൗലോസ്.
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എത്ര കള്ളുഷാപ്പുകൾ, ഏറ്റെടുക്കാനാളില്ലാതെയിരുന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ കാലയളവിൽ ലേലം കൊണ്ട കള്ളുഷാപ്പുകൾ എത്രയെണ്ണം നടത്താതെ ഉപേക്ഷിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) 14 കള്ളുഷാപ്പുകൾ.

(ബി) 24 കള്ളുഷാപ്പുകൾ.

(സി) നിലവിലുള്ള 4,362 കള്ളുഷാപ്പുകളിൽ 4,271 കള്ളുഷാപ്പുകൾ വില്പന, പുതുക്കൽ, തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കൽ എന്നിവ മുഖേന നല്കിയിട്ടുണ്ട്. അതിൽ 4,237 കള്ളുഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ

104 [3691] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ എത്രയെന്ന് വിശദമാക്കുമോ;

(ബി) ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കാത്തതുമൂലം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 91 കള്ളുഷാപ്പുകൾ ഇനിയും വില്പനയിൽ പോകാനുണ്ട്.

(ബി) ഇതിൽ 56 കള്ളുഷാപ്പുകളുടെ വില്പന കോടതി തടഞ്ഞിരിക്കയാണ്. ബാക്കി ഷാപ്പുകൾ ഷാപ്പ് ഒന്നിന് 500 രൂപ റെന്റൽ നിശ്ചയിച്ച് തൊഴിലാളികളുടെ കമ്മിറ്റിയെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) നിർത്തലാക്കിയ കള്ളുഷാപ്പുകളിലെ തൊഴിലാളികളെ നിലനിർത്തിയ ഷാപ്പുകളിലേയ്ക്ക് പുനർവിന്യാസിച്ചതുകൊണ്ട് ആർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല.

മല്ലപ്പള്ളി താലൂക്കിലെ ചാരായ വില്പന

105 [3692] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ കള്ളുഷാപ്പുകളിൽ വ്യാപകമായ ചാരായ വില്പന നടക്കുന്നതായി പത്രങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly